


# പരീക്ഷാഫലം

## 2012–13 അക്കാദമിക വർഷത്തിൽ നടത്തിയ യു.എസ്.എസ് പരീക്ഷാഫലങ്ങൾ,പരീക്ഷാപ്രക്രിയ എന്നിവയുടെ ഗുണാത്മക വിശകലനം

**ഡയറ്റ് മലപ്പുറം. 2014**

# പശ്ചാത്തലം

- ഗുണഭോക്താക്കളുടെ പരാതികൾ
- ഫീഡ്ബാക്കുകൾ
- വിവരാവകാശം
- പരീക്ഷാകമ്മീഷണറുടെ എ3/78824/2012/സി.ജി.ഇ നമ്പർ ഉത്തരവ്



നം.എ3/78824/2012/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം,
തീയതി: 30/09/2013.

പ്രേക്ഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

1. പ്രിൻസിപ്പാൾ, ഡയറ്റ് കാസർഗോഡ്.
2. പ്രിൻസിപ്പാൾ, ഡയറ്റ് മലപ്പുറം.
3. പ്രിൻസിപ്പാൾ, ഡയറ്റ്, ഇടുക്കി.

സർ,

വിഷയം:- പൊ.വി.വ. - എൽ.എസ്.എസ്./യു.എസ്.എസ്. സ്ക്രീനിംഗ് ടെസ്റ്റ്-2013 - പരീക്ഷാഫലം വിശകലനം ചെയ്യുന്നത് - സംബന്ധിച്ച്

സൂചന: - ബഹു.വിദ്യാഭ്യാസ ഡയറക്ടറുടെ 20/07/2013 തീയതിയിലെ ഉത്തരവ്.

2013 ഫെബ്രുവരി മാസം നടത്തിയ എൽ.എസ്.എസ്./യു.എസ്.എസ്. സ്ക്രീനിംഗ് ടെസ്റ്റ് പരീക്ഷകളുടെ പരീക്ഷാഫലം എല്ലാജില്ലകളിലും പ്രസിദ്ധീകരിച്ചുകഴിഞ്ഞു. എൽ.എസ്.എസ് പരീക്ഷാഫലം വിശകലനം ചെയ്യുന്നതിനായി കാസർഗോഡ് ഡയറ്റിനേയും, യു.എസ്.എസ്. പരീക്ഷാഫലം വിശകലനം ചെയ്യുന്നതിന് മലപ്പുറം ഡയറ്റിനേയും, സ്ക്രീനിംഗ് ടെസ്റ്റിന്റെ ഫലം വിശകലനം ചെയ്യുന്നതിന് ഇടുക്കി ഡയറ്റിനേയും ചുമതലപ്പെടുത്തി സൂചന പ്രകാരം പൊതുവിദ്യാഭ്യാസ ഡയറകടർ ഉത്തരവായിട്ടുണ്ട്. പരീക്ഷാഫലത്തിന്റെ ഡാറ്റ താങ്കൾക്ക് വിശകലനം ചെയ്യുന്നതിന് ഏതെങ്കിലും പ്രത്യേക ഫോർമാറ്റിൽ ആവശ്യമുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്ന ഇ-മെയിൽ വിലാസത്തിൽ 05/10/2013-ന് മുമ്പ് അറിയിക്കേണ്ടതാണ്.

ഇ-മെയിൽ വിലാസം: johnsqip25@gmail.com.

വിശ്വസ്തതയോടെ,

സെക്രട്ടറി

# പഠനത്തിന്റെ ഉദ്ദേശ്യങ്ങൾ

1) 2012-13 അക്കാദമികവർഷത്തിൽ സംസ്ഥാനതലത്തിൽ നടത്തിയ യു.എസ്.എസ് പരീക്ഷയുമായി ബന്ധപ്പെട്ട

- ✓ പരീക്ഷാഫലങ്ങൾ
- ✓ പരീക്ഷാപ്രവർത്തനങ്ങളുടെ അനുയോജ്യത
- ✓ പരീക്ഷാ പ്രക്രിയയുടെ അനുയോജ്യത.
- ✓ ഗ്രേഡിങ് സൂചകങ്ങൾ,സ്കോറിങ് കീ എന്നിവയുടെ അനുയോജ്യത
- ✓ ഗ്രേഡ്നിർണയം,രേഖപ്പെടുത്തൽ എന്നിവയിലെ കാര്യക്ഷമത

എന്നിവ അപഗ്രഥിക്കുന്നതിന്

2)പരീക്ഷാനടത്തിപ്പ്,ഭരണപരമായ കാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മികവുകൾ,പരിമിതികൾ എന്നിവ കണ്ടെത്തുന്നതിന്

3)യു.എസ്.എസ്-പരീക്ഷാ സമ്പ്രദായം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന്.

# പഠനരീതി

- അടിസ്ഥാനരേഖ/പ്രമാണങ്ങളുടെ അപഗ്രഥനം, വ്യക്തികളിൽ നിന്നും വിവരങ്ങളാരായൽ,ഫോക്കസ് ഗ്രൂപ്പ് ചർച്ച തുടങ്ങിയ അന്വേഷണ രീതികളാണ് പൊതുവിൽ പഠനത്തിനായി സ്വീകരിച്ചിട്ടുള്ളത്.
- 2013 വർഷം സംസ്ഥാനത്തെ 14 ജില്ലകളിലായി 161 ഉപജില്ലകൾ കേന്ദ്രീകരിച്ച് നടന്ന യു.എസ്.എസ് പരീക്ഷയുടെ ചോദ്യങ്ങൾ, പരീക്ഷാഫലം, അനുബന്ധരേഖകൾ, എന്നിവയാണ് അപഗ്രഥനത്തിനായി പ്രയോജനപ്പെടുത്തിയ അടിസ്ഥാനരേഖകൾ.

# ടൂളുകൾ

- ചോദ്യാവലി,സൂചകങ്ങൾ/ഷെഡ്യൂളുകൾ

# പ്രധാന നിഗമനങ്ങൾ/കണ്ടെത്തലുകൾ

| ക്രമ. നം: | ജില്ലയുടെ പേര് | പരീക്ഷയിൽ പങ്കെടുത്ത ആകെ കുട്ടികൾ | സ്കോളർ ഷിപ്പിനർഹത നേടിയവർ | വിജയ ശതമാനം |
|---|---|---|---|---|
| 1. | കാസർക്കോട് | 2452 | 28 | 1.14 |
| 2. | കണ്ണൂർ | 7119 | 130 | 1.82 |
| 3. | വയനാട് | 2084 | 13 | 0.62 |
| 4. | കോഴിക്കോട് | 10384 | 250 | 2.41 |
| 5. | മലപ്പുറം | 10658 | 200 | 1.87 |
| 6. | പാലക്കാട് | 6163 | 248 | 4.02 |
| 7. | തൃശ്ശൂർ | 4914 | 95 | 1.93 |
| 8. | എറണാകുളം | 6858 | 225 | 3.2 |
| 9. | കോട്ടയം | 2974 | 69 | 2.32 |
| 10. | ആലപ്പുഴ | 3085 | 44 | 1.42 |
| 11. | കോട്ടയം | 1742 | 19 | 1.09 |
| 12. | പത്തനംതിട്ട | 3429 | 98 | 2.85 |
| 13. | കൊല്ലം | 3411 | 43 | 1.26 |
| 14. | തിരുവനന്തപുരം | 10295 | 191 | 1.85 |
| | **ആകെ** | **75532** | **1653** | **2.2** |

| മ<br>: | ഉപജില്ല | പരീക്ഷാർത്ഥി കളുടെ എണ്ണം | പരീക്ഷാവിജയി കളുടെ എണ്ണം | ശതമാനം |
|---|---|---|---|---|
| | മലപ്പുറം | 815 | 42 | 05 |
| | മങ്കട | 574 | 02 | 0.3 |
| | മേലാറ്റൂർ | 307 | 02 | 0.6 |
| | പരപ്പനങ്ങാടി | 677 | 03 | 0.4 |
| | പെരിന്തൽമണ്ണ | 507 | 09 | 1.7 |
| | പൊന്നാനി | 306 | 15 | 4.9 |
| | താനൂർ | 663 | 03 | 0.45 |
| | തിരൂർ | 606 | 07 | 1.1 |
| | വേങ്ങര | 821 | 33 | 04 |
| | അരീക്കോട് | 592 | 05 | 0.84 |
| | എടപ്പാൾ | 430 | 03 | 0.69 |
| | കിഴിശ്ശേരി | 563 | 04 | 0.7 |
| | കൊണ്ടോട്ടി | 915 | 21 | 2.2 |
| | കുറ്റിപ്പുറം | 498 | 04 | 0.8 |
| | മഞ്ചേരി | 882 | 14 | 1.5 |
| | നിലമ്പൂർ | 816 | 20 | 2.4 |
| | വണ്ടൂർ | 686 | 13 | 1.8 |
| | **ആകെ** | **10658** | **200** | **1.87** |

| ഉപജില്ല | പരീക്ഷാർത്ഥികളുടെ എണ്ണം | എ-ഗ്രേഡ് ലഭിച്ചവർ | | | | | |
|---|---|---|---|---|---|---|---|
| | | പാർട്ട് എ | % | പാർട്ട് .ബി | % | പാർട്ട്. സി | % |
| മലപ്പുറം | 815 | 103 | 12.6 | 1 | 0.12 | 766 | 93.9 |
| മങ്കട | 574 | 05 | 0.87 | 0 | 0 | 474 | 82.5 |
| മേലാറ്റൂർ | 307 | 03 | 0.97 | 0 | 0 | 263 | 85.6 |
| പരപ്പനങ്ങാടി | 677 | 07 | 1.03 | 0 | 0 | 547 | 80.7 |
| പെരിന്തൽമണ്ണ | 507 | 26 | 5.12 | 2 | 0.39 | 468 | 92.3 |
| പൊന്നാനി | 306 | 17 | 5.5 | 1 | 0.32 | 254 | 83 |
| താനൂർ | 663 | 03 | 0.45 | 0 | 0 | 527 | 79.4 |
| തിരൂർ | 606 | 07 | 1.15 | 03 | 0.49 | 511 | 84.3 |
| വേങ്ങര | 821 | 31 | 3.77 | 05 | 0.60 | 700 | 85.2 |
| അരീക്കോട് | 592 | 02 | 0.33 | 0 | 0 | 518 | 87.5 |
| എടപ്പാൾ | 430 | 03 | 0.69 | 0 | 0 | 390 | 90.6 |
| കിഴിശ്ശേരി | 563 | 4 | 0.71 | 0 | 0 | 554 | 98.4 |
| കൊണ്ടോട്ടി | 915 | 21 | 2.29 | 0 | 0 | 879 | 96.0 |
| കുറ്റിപ്പുറം | 498 | 04 | 0.80 | 0 | 0 | 411 | 82.5 |
| മഞ്ചേരി | 882 | 03 | 0.34 | 03 | 0.34 | 881 | 99.8 |
| നിലമ്പൂർ | 816 | 47 | 5.75 | 1 | 0.12 | 767 | 93.9 |
| വണ്ടൂർ | 686 | 16 | 2.33 | 1 | 0.14 | 679 | 98.9 |
| **ആകെ** | **10658** | **302** | **2.83** | **17** | **0.15** | **9589** | **89.96** |



1.പരീക്ഷാഫലങ്ങൾ- പൊതുനിലവാരം

- സംസ്ഥാനതലത്തിൽ 2.2 ശതമാനം കുട്ടികളും ജില്ലാതലത്തിൽ 1.87 ശതമാനം കുട്ടികളുമാണ് സ്കോളർഷിപ്പിന് അർഹത നേടിയത്.
- റിസൽട്ട് താരതമ്യംചെയ്യുമ്പോൾ സംസ്ഥാനതല റിസൽട്ടിന്റേയും ജില്ലാതല റിസൽട്ടിന്റേയും ശതമാനങ്ങൾതമ്മിൽ വലിയ അന്തരമില്ല എന്ന് കാണാം. എന്നാൽ മികച്ച കുട്ടികളെ മാത്രം തെരഞ്ഞെടുത്ത് നടത്തുന്ന ഒരു പൊതുപരീക്ഷയിൽ 2.2 ശതമാനം വിജയികൾ എന്നത് തീരെ കുറവാണ്.

## 2.പരീക്ഷാഫലങ്ങൾ- വിവിധ ഇനങ്ങളിൽ.

- പാർട്ട് എ,ബി,സി എന്നീ ഇനങ്ങളിൽ ഏറ്റവും കൂടുതൽ എ-ഗ്രേഡ് ലഭിച്ചത് പാർട്ട്.സി- പോർട്ട്ഫോളിയോ എന്ന ഇന ത്തിനാണ്.
- എ,ബി,സി എന്നീ ഇനങ്ങൾക്ക് ലഭിച്ച എ-ഗ്രേഡ് നില യഥാക്രമം 2.83 ശതമാനം,0.15 ശതമാനം, 89.96 ശതമാനം എന്നിങ്ങനെയാണ്. ആനുപാതികമായി പാർട്ട്. സി-ക്ക് വളരെക്കുടുതൽ സ്കോറാണ് നൽകിയിട്ടുള്ളത്.

## 3. പരീക്ഷാപ്രവർത്തനങ്ങൾ, പരീക്ഷാപ്രക്രിയ എന്നിവയുടെ അനുയോജ്യത.

പാർട്ട്.എ.

- പാർട്ട്.എ-യുടെ ഭാഗമായുള്ള 5 പ്രവർത്തനങ്ങളും,പാർട്ട് ബി-യു ടെ ഭാഗമായുള്ള 30 ചോദ്യങ്ങളും യു.പി.ക്ലാസുകളിലെ വിവിധ വിഷയ ങ്ങളിൽ കുട്ടികൾ പഠിക്കേണ്ട പാഠഭാഗങ്ങളുമായി/ കരിക്കുലം ശേഷി യുമായി ബന്ധമുള്ളതാണ്.
- പരീക്ഷാകമ്മീഷണർ നിർദ്ദേശിച്ചിട്ടുള്ള പ്രക്രിയ ആശയവ്യക്തതയുള്ള താണ്. എന്നാൽ
  - പകുതിയിലേറെ കേന്ദ്രങ്ങളിലും(59.6%).പരീക്ഷനടത്തേണ്ട രീതി, മൂല്യ നിർണയ സൂചകങ്ങൾ, പൊതുവായി പാലിക്കേണ്ട ചുമതലകൾ എന്നി വയുമായി ബന്ധപ്പെട്ട രേഖകൾ പരീക്ഷാഡ്യൂട്ടിക്ക് നിയോഗിച്ച എല്ലാ വരും കൂടിയിരുന്ന് പരീക്ഷ തുടങ്ങുന്നതിനുമുമ്പ് വായിച്ച് ചർച്ച ചെയ്യു കയും ആശയവ്യക്തത വരുത്തുകയും ചെയ്യാത്ത അവസ്ഥയുണ്ട്.
- സമയത്തിന്റെ അപര്യാപ്തത.(പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിച്ചവർ കേവലം 38.2% മാത്രം)
- എ.പാർട്ടിൽ കുട്ടികൾ സ്വയം വായിച്ച് ഉത്തരമെഴുതേണ്ട പ്രവർത്ത നങ്ങളിലും അധ്യാപകരുടെ ഇടപെടൽ നടക്കുന്നു.
  (40% പേരും എ.പാർട്ടിലെ എല്ലാ പ്രവർത്തനങ്ങളും അധ്യാപകന്റെ ഇടപെടലോടെ നടക്കുന്നു.)

- അധ്യാപകന്റെ ഡമോൺസ്ട്രേഷൻ നിരീക്ഷിച്ച് കുട്ടികൾ സ്വയം ഉത്തരമെഴുതേണ്ട എ.പാർട്ടിലെ 4,5 പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യാൻ 64% പേർക്കും കഴിഞ്ഞിട്ടില്ല.
  - പരീക്ഷണങ്ങൾ ചെയ്യുന്നതിലെ അധ്യാപകന്റെ നൈപുണി,വേഗത കൃത്യത എന്നിവയിലെ അന്തരം
  - പരീക്ഷണ സാമഗ്രികളുടെ ലഭ്യതക്കുറവ്
  - പരീക്ഷണം ചെയ്യാനുള്ള പരീക്ഷാഹാളിലെ സൗകര്യക്കുറവ്
  - അധ്യാപകന്റെ ഉള്ളടക്കപരമായ ആശയവിനിമയ ശേഷിയിലെ അന്തരം

എന്നിവയാണ് ഇതിന്റെ പ്രധാന കാരണങ്ങൾ.

പാർട്ട്.ബി

- പാർട്ട് .ബി-യിലെ ചോദ്യങ്ങൾക്ക് മുഴുവൻ കേന്ദ്രങ്ങളിലും കുട്ടികൾ സ്വയം വായിച്ച് ഉത്തരമെഴുതുന്ന രീതിയിലല്ല നടന്നിട്ടുള്ളത്.

പാർട്ട്.സി.

- പാർട്ട്.സി-യിൽ 89 ശതമാനം കുട്ടികൾക്കും എ-ഗ്രേഡ് മാർക്ക് നൽ കിയിരിക്കുന്നു.കുട്ടിയുടെ ഉള്ളടക്കപരമായ ധാരണ പ്രയോഗിക്കേണ്ട എ-പാർട്ട്, ഉള്ളടക്കപരമായ ധാരണ വിലയിരുത്തുന്ന ബി.പാർട്ട് എന്നിവയിൽ കുട്ടികൾക്ക് ലഭിച്ച സ്കോറുകളുടെ അതേ അനുപാതത്തിലാണ് പഠനപ്രക്രിയയുടെ തെളിവുകളായ പോർട്ട് ഫോളിയോ വിലയിരുത്തപെടുന്ന സി-പാർട്ടിലും ലഭിക്കേണ്ടത്. എന്നാൽ

- ✓ മൂല്യനിർണയ പ്രക്രിയ, മൂല്യനിർണയ സൂചകങ്ങൾ എന്നിവയുടെ സങ്കീർണത.
- ✓ സമയക്കുറവ്
- ✓ അതത് വിഷയങ്ങളിൽ പ്രാവീണ്യമില്ലാത്തവർ വിലയിരുത്തുന്ന അവസ്ഥ.
- ✓ മനോഗതത്തിനനുസരിച്ച് മാർക്ക് നൽകൽ.

- ✓ വിഷയത്തിന്റെ അടിസ്ഥാശേഷിയുമായി/ പഠന മേഖലയുമായി ബന്ധമില്ലാത്ത ഇനത്തിന്റെ പോർട്ട് ഫോളിയോ തെളിവുകൾ ആവശ്യപ്പെടൽ (ഉദ:ഗണിതം-നിർമാണ പ്രവർത്തനങ്ങൾ)

എന്നിവ കുട്ടിയുടെ യഥാർത്ഥ കഴിവിനെ പ്രതിഫലിപ്പിക്കുന്നതിന് തടസ്സമാകുന്നു.

ഇതിൽ നിന്നും സി-പാർട്ട് വിലയിരുത്തൽ പ്രക്രിയ എല്ലാകേന്ദ്രങ്ങളിലും ഫലപ്രദമായി നടന്നിട്ടില്ല എന്ന നിഗമനത്തിലെത്താവുന്നതാണ്.

4.പരീക്ഷയുടെ നടത്തിപ്പ്,ഭരണപരമായ കാര്യങ്ങൾ,മോണിറ്ററിങ്.

- ദത്തങ്ങളിൽനിന്നും ഭരണപരമായ കാര്യങ്ങളിൽ തൃപ്തികരമായ രീതിയിൽ പരീക്ഷാകമ്മീഷണറുടെ നിർദ്ദേശങ്ങൾ പാലിക്കാൻ ജില്ല ശ്രമിച്ചിട്ടുണ്ട് എന്ന് കാണാവുന്നതാണ്. എന്നാൽ

- ✓ ഇൻവിജിലേറ്റർമാരുടെ തെരെഞ്ഞെടുപ്പ്
- ✓ ഇൻവിജിലേറ്റർമാരെ നിയമിക്കൽ
- ✓ ജില്ലാതല വിദ്യാഭ്യാസ ഓഫീസർമാരുടെ മോണിറ്ററിങ്

എന്നിവയിൽ ജില്ലക്ക് നീതിപുലർത്താനായിട്ടില്ല എന്ന് കാണാവുന്നതാണ്. ഇതിൽ നിന്നും ജില്ലാതല ഭരണപരമായ കാര്യനിർവ്വഹണം മോണിറ്ററിങ് എന്നിവയും പരീക്ഷയുടെ ഫലപ്രദമായ നടത്തിപ്പിന് പൂർണമായും അനുയോജ്യമല്ല എന്ന നിഗമനത്തിലെത്താവുന്നതാണ്.

## 5.ഫോക്കസ് ഗ്രൂപ്പ് ചർച്ച, അഭിപ്രായ സർവ്വേ-ഫലപ്രദമായ പരീക്ഷാ പ്രക്രിയക്ക് തടസ്സം നിൽക്കുന്ന ദത്തങ്ങൾ

- ✓ വിലയിരുത്തലിൽ വ്യക്തിനിഷ്ഠത പ്രകടമാണ്.
- ✓ ഇൻവിജിലേറ്ററുടെ കാര്യക്ഷമത കുട്ടിയെ സ്വാധീനിക്കുന്നു.
- ✓ രാവിലെ 9 മുതൽ വൈകുന്നേരം 4മണിവരെ പരീക്ഷ എന്നത് കുട്ടിയുടെ പ്രകൃതത്തെ ഹനിക്കുന്നു.പരീക്ഷയുടെ ബാഹുല്യവും പുനപരിശോധിക്കേണ്ടതാണ്.
- ✓ കുട്ടികൾക്കും, ഇൻവിജിലേറ്റർമാർക്കും നൽകുന്ന പ്രതിഫലം തുച്ഛമാണ്.
- ✓ സ്കോളർഷിപ്പ് ലഭിച്ചവർക്ക് അക്കാദമികമായ അംഗീകാരമോ പരിഗണനയോ തുടർ ശാക്തീകരണമോ ഇല്ല.
- ✓ ഉപജില്ലാതല സമിതിയുടെ ഘടന, ചുമതലകൾ എന്നിവയിൽ അപ്രായോഗികതയുണ്ട്.

## ഇതര പ്രശ്നങ്ങൾ

- മുസ്ലീം സ്കൂളിലെ അധ്യയന വർഷം അവസാനിക്കുന്നത് ഏപ്രിൽ മാസത്തിലാണ്. എന്നാൽ സ്കോളർഷിപ്പ് പരീക്ഷ നടക്കുന്നത് ഫെബ്രുവരി മാസത്തിലാണ്. അതിനാൽ മുസ്ലീം സ്കൂളിലെ കുട്ടികൾക്ക് പരീക്ഷയിൽ ഫലപ്രദമായി പങ്കെടുക്കാൻ കഴിയാത്ത അവസ്ഥയുണ്ട്.
- എ,ബി എന്നീ വിഭാഗങ്ങളിലെ വിലയിരുത്തലിൽ വ്യക്തിനിഷ്ഠത കടന്നുവരുന്നു.
- സ്കോളർഷിപ്പ് തുക മൂന്ന് വർഷങ്ങളിലായി തുടർച്ചയായി ലഭിക്കുന്നില്ല. കിട്ടുന്ന തുക അപര്യാപ്തമാണ്.
- പരീക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികൾ ഉറപ്പാക്കാനാവുന്നില്ല.

- ശാസ്ത്രാധ്യാപകന്റെ പരീക്ഷണ നൈപുണി ഇതര അധ്യാ പകർക്ക് ഇല്ലാത്തതിനാൽ പരീക്ഷണ പ്രവർത്തനങ്ങൾ ഫല പ്രദമാവുന്നില്ല.
- ചില കേന്ദ്രങ്ങളിൽ ഇൻവിജിലേറ്റർമാർ സ്ഥിരം ഗ്രൂപ്പുകളാണ്.
- സി-പാർട്ടിൽ മലയാളത്തിലെ ആസ്വാദനക്കുറിപ്പിനായി നൽ കിയിരിക്കുന്ന സൂചകങ്ങൾ ഉപയോഗിച്ച് അറബി,സംസ്കൃതം വിഷയങ്ങളിലെ ആസ്വാദനക്കുറിപ്പ് സ്വയം വിലയിരുത്താൻ കുട്ടികൾക്കാവുന്നില്ല.
- പരീക്ഷ; അർഹിക്കുന്ന ഗൗരവത്തിലല്ല പല കേന്ദ്രങ്ങളിലും നടക്കുന്നത്.
- രാവിലെ 9 മണിമുതൽ വൈകുന്നേരം 4.30 വരെ നടക്കുന്ന പരീക്ഷ ആയാസകരവും വിരസവുമാണ്.
- പല കേന്ദ്രങ്ങളിലും റിസൽട്ട് മുൻകൂട്ടി അറിയുന്ന അവസ്ഥ യുണ്ട്.
- പരീക്ഷാകേന്ദ്രങ്ങളിൽ അറബി,ഉറുദു,സംസ്കൃതം അധ്യാപകരെ ഇൻവിജിലേഷന് നിയമിക്കാൻ നിർദ്ദേശമില്ല.
- കണ്ടിജൻസി,സ്റ്റേഷനറി ചെലവുകൾക്കുള്ള പ്രൊവിഷൻ അപര്യാപ്ത മാണ്.
- സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾക്ക് തുടർ ശാക്തീകരണങ്ങൾ ലഭിക്കു ന്നില്ല.

- കലോത്സവങ്ങളിൽ സബ് ജില്ലാ,ജില്ലാതലങ്ങളിൽ പങ്കെടു ക്കുന്നവർക്ക് പോലും പലതര പരിഗണനയുണ്ട്. എന്നാൽ സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾക്ക് ഒരുതര പരിഗണനയും ലഭിക്കുന്നില്ല.
- ഇൻവിജിലേറ്റർമാരുടെ ഇടപെടലിന് ഏകീകരണ സ്വഭാവമില്ല.
- ബി ഗ്രേഡ് ലഭിച്ച എല്ലാ കുട്ടികളെയും സ്കോളർഷിപ്പ് പരീ ക്ഷക്ക് യോഗ്യരാക്കുന്നതുമൂലം കുട്ടികളുടെ ബാഹുല്യം ഉണ്ടാകുന്നു. ഇതിൽ പലരും പഠനത്തിൽ സ്കോളർമാരല്ലാ ത്ത അവസ്ഥയുണ്ട്.
- യു.എസ്.എസ്, സ്ക്രീനിങ് ടെസ്റ്റ് എന്നിങ്ങനെ വ്യത്യസ്ത പരീക്ഷകൾ കുട്ടികളിൽ അനാവശ്യമായ പിരിമുറുക്കം സൃഷ്ടിക്കുന്നു. പ്രതിഭാധനരെ കണ്ടെത്താൻ മാത്രമായി പ്രത്യേക പരീക്ഷ എന്നതിൽ സാംഗത്യമില്ല. ഇത് പരീക്ഷയു ടെ എണ്ണം വർദ്ധിക്കാൻ കാരണമാകുന്നു.മാത്രമല്ല മനുഷ്യാ ധ്വാനവും, അനാവശ്യസാമ്പത്തിക വ്യയവും ഉണ്ടാകുന്നു.

# നിർദ്ദേശങ്ങൾ.

- പരീക്ഷാരീതി, ചോദ്യരൂപങ്ങൾ, വിലയിരുത്തൽ എന്നിവയിൽ മാറ്റങ്ങൾ അനിവാര്യമാക്കുന്നു എന്നതാണ് പഠനത്തിന്റെ പൊതുവായ നിഗമനം.
- പഠനഫലത്തെ അടിസ്ഥാനമാക്കി മുന്നോട്ടു വെക്കുന്ന നിർദ്ദേശങ്ങളെ

✓ 1. പോളിസി തീരുമാനങ്ങൾക്ക് വിധേയമായി സമൂലമായ പരിഷകരണം ആവശ്യപ്പെടുന്നത്

✓ 2. നിലവിലുള്ള പരിക്ഷാപ്രക്രിയയിൽ നടത്തേണ്ട ഇടക്കാല പരിഷ്കാരങ്ങൾ

എന്നിങ്ങനെ രണ്ട് മേഖലകളിലായി തരംതിരിച്ച് ക്രോഡീകരിച്ചിരിക്കുന്നു.

# 1.സമൂലമായ പരിഷ്കരണ പ്രക്രിയ.

- വിശദമായ കൂടിയാലോചനകൾ, പോളിസി തീരുമാനങ്ങൾ, വിഭവ സമാഹരണം എന്നിവ ആവശ്യപ്പെടുന്നതും, സമീപസ്ത ഭാവിയിൽ പൂർത്തിയാക്കാനാവുന്നതുമായ കാര്യങ്ങളാണ് ഈ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഇതിൽ പ്രഥമ പരിഗണന നൽകേണ്ടത് സ്കോളർഷിപ്പ് പരീക്ഷക്ക് സമഗ്രമായ ഒരു പരിപ്രേക്ഷ്യം രൂപീകരിക്കുക എന്നതാണ്.
- ✓ യു.എസ്.എസ് പരീക്ഷയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ എന്തെല്ലാമാണ്?
- ✓ യു.എസ്.എസ് പരീക്ഷയിൽ വിജയികളാകുന്ന കുട്ടികൾക്ക് ഈ വിജയം എന്തെല്ലാം അക്കാദമികമായ സാധ്യതകൾ പ്രദാനം ചെയ്യണം?
- ✓ വ്യക്തിനിഷ്ഠതയുടെ സ്വാധീനം ഒഴിവാക്കി എന്തെല്ലാം പരിഷ്ക്കാരങ്ങ ൾ നടത്തിപ്പിൽ ഉൾച്ചേർക്കണം?
- ✓ വിലയിരുത്തൽ, മോണിറ്ററിങ് എന്നിവ കുറ്റമറ്റതാക്കാൻ എന്ത് തന്ത്ര ങ്ങൾ?

തുടങ്ങിയവയെക്കുറിച്ച് സംസ്ഥാനതലത്തിൽ പുനരാലോചനകൾ നടക്കു കയും വിഷൻ പേപ്പർ തയ്യാറാക്കുകയും വേണ്ടതുണ്ട്. ഈ വിഷൻ പേപ്പർ പ്രയോക്താക്കളുടെ നിദ്ദേശങ്ങൾകൂടി ഉൾച്ചേർത്ത് മെച്ചപ്പെടുത്തുകയും സർക്കാർ ഉത്തരവായി പ്രസിദ്ധീകരിക്കുകയും വേണം.

## 2. നിലവിലുള്ള പരിക്ഷാപ്രക്രിയയിൽ നടത്തേണ്ട ഇടക്കാല പരിഷ്കാരങ്ങൾ

- ✓ വിജയശതമാനത്തിന്റെ നിജസ്ഥിതി
- ✓ പരീക്ഷാ പ്രവർത്തനങ്ങളുടെ അനുയോജ്യത
- ✓ പരീക്ഷാ പ്രക്രിയയുടെ അനുയോജ്യത.
- ✓ വിലയിരുത്തൽ സൂചകങ്ങൾ ,പ്രക്രിയ എന്നിവയുടെ അനുയോജ്യത
- ✓ പഠന പ്രവർത്തനങ്ങളുടേയും പഠനപ്രക്രിയയുടേയും കാര്യക്ഷമത.
- ✓ പരീക്ഷാർത്ഥികളെ തീരുമാനിക്കുന്നതിലെ ശാസ്ത്രീയത.
- ✓ ഭരണപരമായ കാര്യങ്ങൾ,മോണിറ്ററിങ് എന്നിവയിലെ കാര്യക്ഷമത.
- ✓ ലഭ്യമായ സമയ പരിധിയെ പരിഗണിക്കുന്ന നടത്തിപ്പ്

തുടങ്ങി അനേകം കാര്യങ്ങൾ വിജയശതമാനത്തെ സ്വാധീനിക്കുന്ന ഘടക ങ്ങളാണ്.

- ◘ ഇതിൽ ചോദ്യരൂപങ്ങൾ അനുയോജ്യമാണെന്നും, പാഠ്യപദ്ധതി ഉദ്ദേശ്യ ങ്ങളുമായി ബന്ധമുള്ളതാണെന്നുമാണ് ദത്തങ്ങളുടെ അപഗ്രഥനം വെളിപ്പെടുത്തുന്നത്.
- ◘ പഠന ബോധനപ്രക്രിയയുടെ അപചയം സുപ്രധാനമായ പ്രശ്നം തന്നെ യാണ്. എന്നാൽ അത് കേവലം പരീക്ഷാപ്രക്രിയയുടെ പരിമിതിയല്ല. അതിനാൽ പഠനപ്രക്രിയയുടെ പരിപോഷണത്തിനായി ഗൗരവതരമായ ആലോചനകൾ എല്ലാതലങ്ങളിലും നടത്തേണ്ടതുണ്ട്.

സമയക്രമം

- രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ എന്ന നിലവിലെ സമയ ക്രമം പുനരാലോചിക്കേണ്ടതാണ്. ഒരു ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന പരീക്ഷ കുട്ടികളുടെ പ്രകൃതം പരിഗണിക്കുമ്പോൾ പീഡനമാവാനാണ് സാധ്യത.
- അതിനാൽ യു.എസ്.എസ് പരീക്ഷ ഒരു ദിവസത്തിന്റെ പകുതി സമയത്തിൽ (ഉച്ചവരെയുള്ള സമയം) ക്രമീകരിക്കുന്നതാണ് ഉചിതം.
- അതിനനുസരിച്ച് ചോദ്യരൂപങ്ങളിലും പ്രക്രിയയിലും മാറ്റം അനിവാര്യമാണ്.

പരീക്ഷാർത്ഥികളുടെ തെരെഞ്ഞെടുപ്പ്

- കുട്ടികളിൽ നിന്നും സ്കോളറെ കണ്ടെത്തുന്ന പരീക്ഷയിൽ നിലവിലുള്ളതുപോലെ ബഹുഭൂരിഭാഗം കുട്ടികൾക്കും പ്രാതിനിധ്യം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയുണ്ടെന്ന് പറയാനാകില്ല.
- പരീക്ഷാർത്ഥികളുടെ ബാഹുല്യം കുറക്കുന്നതിന് ഒന്നാം പാദവാർഷിക പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി-ഗ്രേഡെങ്കിലും എന്ന നിലവിലെ അടിസ്ഥാന യോഗ്യത; ഒന്നാം പാദവാർഷിക പരീക്ഷയിലും ഇക്കാലയളവിലെ നിരന്തര മൂലനിർണയത്തിലും എ-ഗ്രേഡോ അതിനു മുകളി ലോ എന്നതാക്കി പുനർനിർണയിയിക്കാനുള്ള സാധ്യത പരിഗ ണിക്കേണ്ടതാണ്.

ഇത് സാർത്ഥകമാക്കുന്നതിന്

- ✓ പരീക്ഷാ ദിവസം പരീക്ഷകൾക്കിടയിലുള്ള തത്സമയ വില യിരുത്തൽ ഒഴിവാക്കുക.
- ✓ പോർട്ട് ഫോളിയോ ഇവാലുവേഷൻ സ്കോളർഷിപ്പ് ഇന ത്തിൽ നിന്നും ഒഴിവാക്കുക
- ✓ നിലവിലെ പ്രവർത്തനാധിഷ്ഠിത ചോദ്യരൂപങ്ങളും (എ. പാർട്ട്) എം.സി.ക്യു ചോദ്യരൂപങ്ങളും(ബി.പാർട്ട്) ഒരുമിച്ച് ഒരു പേപ്പറാക്കുക
- ✓ വ്യക്തി നിഷ്ടത കടന്നുവരുന്ന പ്രക്രിയകളും,സൂചകങ്ങളും ഒഴിവാക്കുക
- ✓ ഒ.എം.ആർ ഷീറ്റിലുള്ള പരീക്ഷയും കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ സഹാത്തോടെയുള്ള ഒ.എം.ആർ-ന്റെ വിലയി രുത്തലും പ്രാവർത്തികമാക്കുക

എന്നീ കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്

പരീക്ഷാ പ്രക്രിയ.

- പരീക്ഷാനടത്തിപ്പിന്റെ ചുമതലയുള്ള ഇൻവിജിലേറ്റർമാർക്ക് പരീക്ഷാർത്ഥികളുടെ സ്കോറിങ്ങിൽ നിർണായകമായ സ്വാധീനം ചെലുത്താനാകുന്ന സ്ഥിതിവിശേഷം ഒരു പരീക്ഷക്കും വിശിഷ്യാ സ്കോളർഷിപ്പ് പരീക്ഷക്ക് ഭൂഷണമല്ല. ദത്തങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ പരീക്ഷാ ദിവസം പരീക്ഷാകേന്ദ്രത്തിൽ വെച്ച് വിലയിരുത്തപ്പെടുന്ന ഇനങ്ങൾ/പ്രവർത്തനങ്ങളാണ് പരിമിതികളോടെ നടക്കുന്നത് എന്ന് കാണാവുന്നതാണ്. ഈ അവസ്ഥ ഒഴിവാക്കുന്നതിനായി.

- ✓ ഉപജില്ലാതലത്തിൽ പരീക്ഷാനടത്തിപ്പ് എന്ന നിലവിലെ രീതി പുന:പരിശോധിക്കൽ
- ✓ തത്സമയ വിലയിരുത്തൽ ഇനങ്ങൾ പുനപരിശോധികൽ
- ✓ പരീക്ഷാ പ്രക്രിയയിൽ ഇൻവിജിലേറ്ററുടെ ഇടപെടൽ കുട്ടികളുടെ സ്കോറിനെ സ്വാധീനിക്കുന്ന അവസ്ഥ പരിമിതപ്പെടുത്തൽ
- ✓ വസ്തുനിഷ്ഠമായ വിലയിരുത്തൽ രീതികൾ അവലംബിക്കൽ

എന്നിവയുടെ സാധ്യതകൾ ആരായേണ്ടതുണ്ട്.

ചോദ്യരൂപങ്ങൾ

- നേടിയ ആശയങ്ങൾ ധാരണകൾ എന്നിവ പുതിയ സന്ദർഭത്തിൽ പ്രയോജനപ്പെടുത്താനുള്ള കഴിവ് വിലയിരുത്താനുതകുന്ന ഉയർന്ന ചിന്താപ്രക്രിയ ആവശ്യമുള്ള ചോദ്യരൂപങ്ങളാണ് ഉൾപ്പെടുത്തേണ്ടത്.
- അതോടൊപ്പം എത്രമാത്രം അറിവ് നേടി എന്ന് വിലയിരുത്തപ്പെടുന്ന ചോദ്യങ്ങളും വേണം.രണ്ടിനും എം.സി,ക്യൂ രീതിയിലുള്ള ചോദ്യങ്ങളാണ് അഭികാമ്യം.
- ഇതിലൂടെ പാർട്ട്.എ,സി എന്നീ മേഖലകൾ ഒഴിവാക്കപ്പെടുയും നേടിയ ആശയങ്ങൾ ധാരണകൾ എന്നിവ പുതിയസന്ദർഭത്തിൽ പ്രയോജനപ്പെടുത്താനുള്ള കഴിവ്,എത്രമാത്രം അറിവ് നേടി എന്നീകാര്യങ്ങൾ വിലയിരുത്താവുന്ന എം.സി.ക്യൂ ചോദ്യങ്ങൾ മാത്രമായി പരിമിതപ്പെടുത്താവുന്നതാണ്.

- പഠന സമീപനത്തിന്റെ ദാർശനികമായ വിലയിരുത്തൽ തന്ത്രം എന്ന നിലയിൽ പാർട്ട്.എ അഥവാ പ്രവർത്തനാധിഷ്ഠിത ചോദ്യങ്ങൾ നിലനിർത്തേണ്ടതുണ്ടെങ്കിൽ ആയത് മറ്റൊരു ദിവസം പ്രത്യേകമായി നടത്തുകയോ,ഒരുദിവസത്തിലെ ഉച്ചവരെയുള്ള സമയത്തിന്റെ പകുതി സമയം പ്രവർത്തനാധിഷ്ഠിത ചോദ്യങ്ങൾക്കും ശേഷിക്കുന്ന പകുതി എം.സി.ക്യു-രൂപത്തിലുള്ള ചോദ്യങ്ങൾക്കുമായി ക്രമീകരിക്കാവുന്നതാണ്.

എന്നാൽ പ്രവർത്തനാധിഷ്ഠിത പ്രവർത്തനങ്ങളിലെ ഇൻവിജിലേറ്ററുടെ സ്വാധീനം ഒഴിവാക്കുന്നതിനായി ഓരോ പരീക്ഷാർത്ഥിക്കും ചോദ്യങ്ങളും അവക്കുള്ള ഉത്തരങ്ങളും കുറിക്കാവുന്ന ബുക്ക്ലറ്റുകൾ നൽകുന്ന രീതി അവലംബിക്കുന്നതാണ് ഉചിതം. മാത്രമല്ല ഇതിന്റെ വിലയിരുത്തൽ ഇൻവിജിലേഷൻ ഡ്യൂട്ടിയിലില്ലാത്ത മറ്റൊരു കൂട്ടം അധ്യാപകർ വിദ്യാഭ്യാസ ജില്ലാതലത്തിൽ കേന്ദ്രീകൃതമായി വിലയിരുത്തണം. ഈ വേളയിലും വ്യക്തിനിഷ്ഠത പരമാവധി കുറക്കുന്നതിന് ഇതര മത്സരപരീക്ഷകളിൽ അനുവർത്തിക്കുന്ന ഫാൾസ് നമ്പറിങ്.....തുടങ്ങിയ തന്ത്രങ്ങളുടെ സാധ്യതകൾ ആരായേണ്ടതാണ്.

മൂല്യനിർണയം,രേഖകൾ തയ്യാറാക്കൽ എന്നിവയിലെ പരിമിതി കളും പരിഹരിക്കപ്പെടേണ്ടതുണ്ട്.

- എം.സി.ക്യുചോദ്യങ്ങൾമാത്രമായിപരിമിതപ്പെടുത്തൽ, ഒ.എം.ആർ സാങ്കേതിക വിദ്യയിൽ പരീക്ഷയും വിലയിരു ത്തലും എന്നിങ്ങനെ മുൻ ഖണ്ഡികയിലെ നിദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിലൂടെ വലിയ അളവിൽ ഈ പരിമിതി കൾ മറികടക്കാവുന്നതാണ്. അതോടൊപ്പം യു.എസ്.എസ് പരീക്ഷയുടെ ഭരണപരമായ കാര്യങ്ങൾ ഉപജില്ലാതലത്തിൽ നിന്നും വിദ്യാഭ്യാസ ജില്ലാതലത്തിലേക്ക് മാറ്റുന്നതും പരിഗ ണിക്കേണ്ടതുണ്ട്. ഇതിലൂടെ ഭരണകർതൃത്വം എ.ഇ.ഒ-ൽ നിന്നും ഡി.ഇ.ഒ-ലേക്ക് മാറുന്നു.

- വിദ്യാഭ്യാജില്ലാതലത്തിൽ ഒന്നോ രണ്ടോ കേന്ദ്രങ്ങളിലായി നടത്തപ്പെടുന്ന പരീക്ഷക്ക് ഉപജില്ലാതലത്തിൽ അധ്യാപകരെ കൈമാറ്റം ചെയ്ത് പ്രയോജനപ്പെടുത്താവുന്നതാണ്. (നിലവിൽ ഒരു പഞ്ചായത്തിലെ അധ്യാപകർ തൊട്ടടുത്ത പഞ്ചായത്തിലാണ് ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗി ക്കപ്പെടുന്നത്. നിർദ്ദേശിച്ചരീതിയിൽ ഒരു ഉപജില്ലയിലെ അധ്യാപകർ അടുത്ത ഉപജില്ലയിലെ പരീക്ഷാകേന്ദ്രത്തിലാ യിരിക്കും ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുക. ഇതിലൂടെ സ്ഥിരം ഇൻവിജിലേറ്റർമാർ എന്നതിന്റെ സാധ്യത കുറക്കാനും അതുവഴി ഇടപെടൽ കുറക്കാനും ഒരളവോളം സാധിക്കും. (25.5% ഇൻവിജിലേറ്റർമാർ സ്വന്തം സ്കുളിലും 19% പേർ സ്വന്തം പഞ്ചായത്തിലെതന്നെ മറ്റൊരുസ്കുളിലും നിയമി ക്കപ്പെടുന്നു എന്നതാണ് ദത്തങ്ങൾ പറയുന്നത് )

മാർക്ക് ക്രോഡീകരണവും അപ്‌ലോഡിങ്ങും

- രജിസ്ട്രേഷൻ, മാർക്ക് ക്രോഡീകരണം, വിവരങ്ങളുടെ അപ്‌ലോഡിങ് എന്നീ വേളകളിൽ ധാരാളം പരിമിതികൾ പതിവാണ്. ഇതു മൂലം അർഹരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നിഷേധിക്കപ്പെടുന്നു എന്നുമാത്രമല്ല അനർഹർക്ക് നൽകപ്പെടുകയും ചെയ്യുന്നു. ഈ അവസ്ഥ തികച്ചും ഖേദകരമാണ്.
- ഔദ്യോഗിക സംവിധാനത്തിന്റെ പുറത്തുള്ള ഡി.റ്റി.പി ഓപ്പറേറ്റർമാരിൽ ഈ കർത്തവ്യം എത്തിച്ചേരുന്ന അവസ്ഥ ഒഴിവാക്കപ്പെടണം, ഒ.എം.ആർ രീതി പ്രാവർത്തികമാക്കുമ്പോൾ ഈ പരിമിതി സ്വാഭാവികമായും ഇല്ലാതാകുന്നതാണ്.
- കുട്ടികളുടെ വിവരങ്ങൾ തയ്യാറാക്കുന്നതിനും അപ്‌ലോഡിങ്ങിനും നിലവിലുള്ള "സമ്പൂർണ" എന്ന സംവിധാനവുമായി ഏകോപിപ്പിക്കാനുള്ള സാധ്യത ആരായേണ്ടതുണ്ട്.
- സ്കൂൾതലത്തിൽ പരീക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ തയ്യാറാക്കുന്നതിലും അപ്‌ലോഡിങ്ങിലും ഹെഡ്മാസ്റ്ററുടെ ഉത്തരവാദിത്തം ഉത്തരവിലൂടെ നിഷ്കർഷിക്കുകയും, ആയത് ബന്ധപ്പെട്ട എച്ച്.എം "വേരിഫൈ ചെയ്ത് തെറ്റില്ല എന്നുറാപ്പിക്കിയിട്ടുണ്ട് " എന്ന സത്യപ്രസ്താവന വാങ്ങുകയും വേണം.

- ഉപജില്ലാ/വിദ്യാഭ്യാസ ജില്ലാതല സ്കോർ എൻട്രി, അപ്ലോഡിങ് എന്നിവ ഉത്തരവാദിത്തപ്പെട്ട ഓഫീസിൽ വെച്ചുതന്നെ നടക്കുന്നു എന്നത് ഉറപ്പാക്കുന്നതിനിള്ള  സംവിധാനം ഉണ്ടാവണം.
- ഈ ഘട്ടത്തിലും "വേരിഫൈ ചെയ്ത് തെറ്റില്ല എന്നുറാപ്പിക്കിയിട്ടുണ്ട്" എന്ന സത്യപ്രസ്താവന വാങ്ങുന്നതും അഭികാമ്യമാണ്. ഒ.എം.ആർ രീതിയിലുള്ള പരീക്ഷയും വിലയിരുത്തലും പ്രാവർത്തികമാകുന്ന പക്ഷം ഈ പരിമിതികളും സ്വാഭാവികമായും ഇല്ലാത്ത അവസ്ഥയുണ്ടാകും.
- അറിയാനുള്ള അവകാശം പരീക്ഷാർത്ഥിക്കുണ്ട്.എന്നാൽ നിലവിൽ തനിക്ക് കിട്ടിയ മാർക്കിൽ സംശയം തോന്നുന്നു കുട്ടിക്ക് തന്റെ ഉത്തരപേപ്പർ പുനർമൂല്യനിർണയം ചെയ്യുന്നതിനുള്ള അവസരം നൽകുന്നില്ല.
- ഇതിലൂടെ തെറ്റായ ഇൻവിജിലേഷൻ, സ്കോറിങ്, അപ്ലോഡിങ് എന്നിവ കുട്ടികൾ നിശബ്ദമായി സഹിക്കേണ്ട അവസ്ഥയുണ്ട്. ആയത് പരിഹരിക്കപ്പെടണം.അതിനാൽ എസ്.എസ്. എൽ.സി പോലുള്ള ഇതര പരീക്ഷകളിലെന്നപോലെ പുനർ മൂല്യനിർണയത്തിന്റെ വ്യവസ്ഥകൾ  തയ്യാറാക്കുകയും പ്രാവർത്തികമാക്കുകയും വേണം. (ഒ.എം.ആർ രീതിയിലുള്ള പരീക്ഷയും വിലയിരുത്തലും ഈ പ്രശ്നത്തിനും പരിഹാരമാണെന്നത് പ്രത്യേകം പരാമർശിക്കുന്നു)

പരീക്ഷയുടെ ബാഹുല്യം.

- മുഴുവൻ ദിവസ പരീക്ഷ കുട്ടികളിലുണ്ടാക്കാവുന്ന പിരിമുറുക്കത്തെക്കുറിച്ച് മുൻ ഖണ്ഡികയിൽ പ്രസ്താവിച്ചു കഴിഞ്ഞു. പരീക്ഷയുടെ എണ്ണക്കൂടുതലും കുട്ടികളെ വിഷമവൃത്തത്തിലാക്കുന്നതായാ ണ് ദത്തങ്ങൾ സൂചന നൽകുന്നത്.
- യു.എസ്.എസ്, സ്ക്രീനിങ് ടെസ്റ്റ് എന്നിങ്ങനെ രണ്ട് പരീക്ഷകൾ രണ്ട് ദിവസങ്ങളിലായി നടത്തുന്നത് പുനപരിശോധിക്കുന്നത് അഭികാമ്യമാണ്. യഥാർത്ഥത്തിൽ യു.എസ്.എസ് പരീക്ഷാവിജയികൾ പ്രതിഭാധനരാണ്(നിലവിൽ അങ്ങനെയല്ല എന്നുണ്ടെങ്കിൽ പരീക്ഷാരീതി ,ചോദ്യരൂപങ്ങൾ എന്നിവ ആയതിന് പര്യാപ്തമാക്കണം) അങ്ങനെ വരുമ്പോൾ സ്ക്രീനിങ് ടെസ്റ്റ് എന്ന പ്രത്യേക പ്രതിഭാ നിർണയ പരീക്ഷ ഒഴിവാക്കി; യു.എസ്.എസ്സിലെ ഉയർന്ന റാങ്കുകാരെ പ്രത്യേക പ്രതിഭകളായി പരിഗണിക്കാവുന്നതാണ്. ഇതിലൂടെ പരീക്ഷാ ബാഹുല്യം മാത്രമല്ല, ആവർത്തിച്ചുള്ള മനുഷ്യാധ്വാനവും, സാമ്പത്തികച്ചെലവും ഇല്ലായ്മ ചെയ്യാനും സഹായകമാകും.

## സമ്പത്തിക കാര്യങ്ങളുടെ വകയിരുത്തൽ

ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ എല്ലാവരും ഒരേപോലെ ആവശ്യപ്പെട്ട കാര്യമാണ് മൊത്തം പരീക്ഷയുമായി ബന്ധപ്പെട്ട സാമ്പത്തിക കാര്യങ്ങളിലെ അപര്യാപ്തത.ആയത് മറികടക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കുന്നത് ഗുണകരമാണ്.

- പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാ സാധന സാമഗ്രികളും ആവശ്യമായ അളവിൽ ചോദ്യപേപ്പറിനോടൊപ്പം സെന്ററിൽ ലഭ്യമാക്കണം.
- ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയമിക്കുന്നവർക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന വേതനം തികച്ചും അപര്യാപ്തമാണ്. ആയത് ചുരുങ്ങിയത് ഒരു ഡി.എ– ആയെങ്കിലും വർദ്ധിപ്പിക്കേണ്ടതുണ്ട്.
- മൂല്യനിർണയ പ്രവർത്തനങ്ങൾക്കും ഈ വർദ്ധനവ് ബാധകമാക്കണം (ഒ.എം.ആർ രീതിയിലുള്ള പരീക്ഷയും വിലയിരുത്തലും പ്രാവർത്തികമാക്കുന്നപക്ഷം ഈ ചെലവ് ഇല്ലായ്മ ചെയ്യാനാകും)
- കുട്ടികൾക്ക് ലഭിക്കുന്ന സ്കോളർഷിപ്പ് തുകയും തുച്ഛമാണ്. മാത്രമല്ല മൂന്ന് വർഷം തുടർച്ചയായി സ്കോളർഷിപ്പ് തുക ലഭിക്കുന്ന അവസ്ഥയും വിരളമാണ്. സ്കോളർഷിപ്പ് തുകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തണം. നിശ്ചിതതുക മൂന്ന് വർഷം തുടർച്ചയായി ലഭ്യമാക്കുകയും വേണം.

വിജയത്തെത്തുടർന്ന്...

- പരീക്ഷയുടെ നടത്തിപ്പ് കാര്യക്ഷമമാകുമ്പോൾ തികച്ചും പ്രതിഭാധനരായ കുട്ടികളായിരിക്കും സ്കോളർഷിപ്പിന് അർഹത കൈവരിക്കുക. അക്കാദമികമായി വളരെയധികം മികവ് പുലർത്തുന്ന ഈ ഗ്രൂപ്പിന് അർഹിക്കുന്ന രീതിയിൽ തുടർ പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടത് വകുപ്പിന്റെ കർത്തവ്യമാണ്.
- ഭാവിയിലെ വൈവിധ്യപൂർണവും വെല്ലുവിളികളുള്ളതുമായ അക്കാദ മിക മേഖലയിലേക്ക് പ്രാപ്തരാക്കുന്ന വിധത്തിലുള്ള ശാക്തീകരണ പ്രവർത്തനങ്ങൾ വകയിരുത്തേണ്ടതുണ്ട്. നിലവിൽ സർട്ടിഫിക്കറ്റും നാമമാത്രമായ തുകയും നൽകുന്നതോടെ ഈ കുട്ടികൾ സമൂഹത്തിൽ വിസ്മൃതിയിലാവുകയാണ് ചെയ്യുന്നത്. തുടർന്നുള്ള അക്കാദമിക പ്രവേശനങ്ങൾക്കൊന്നും സ്കോളർഷിപ്പ് പരിഗണിക്കപ്പെടുന്നേയില്ല. മേളകളിൽ വിദ്യാഭ്യാസ ജില്ല/ജില്ലാതലങ്ങളിൽ എ-ഗ്രേഡ് ലഭിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്ന അവസ്ഥയുണ്ട്. എന്നാൽ അക്കാദമിക മികവ് കാണിക്കുന്നവർക്ക് ഇത്തരം ഒരു പരിഗണനയും ലഭിക്കാതെ പോകുന്നത് അവകാശ ലംഘനമായിപോലും കാണാവുന്നതാണ്. അതോടൊപ്പം അർഹിക്കുന്നവർക്ക് മാത്രം ലഭിക്കുന്ന പരീക്ഷയായി യു.എസ്.എസ് കെട്ടിലും മട്ടിലും, നടത്തിപ്പിലും നവീകരിക്കുകയും വേണം.

# പരീക്ഷാസമിതികൾ

- പരീക്ഷാകമ്മീഷണറുടെ ഉത്തരവിൻ പ്രകാരം ഉപജില്ലാതല പരീക്ഷാസമിതിക്കാണ് സംഘാടനത്തിന്റെ ചുമതല. ഈ സമിതിയിൽ എ.ഇ.ഒ ചെയർമാനും, ഡയറ്റ് ഫാക്കൽട്ടി കൺവീനറും ,ബി.പി.ഒ - മെമ്പറുമാണ്.
- നിലവിലുള്ള കീഴ്വഴക്കമനുസരിച്ച് ഒരു കമ്മറ്റിയിൽ കൺവീനർക്കാണ് സംഘാടനത്തിന്റേയും നിർവ്വഹണത്തിന്റേയും മുഖ്യചുമതല. ഈ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കണമെങ്കിൽ കൺവീനർക്ക് ഉപജില്ലാതലത്തിൽ ഓഫീസ്, മറ്റ് മിഷനറികൾ എന്നിവ ആവശ്യമാണ്. മാസത്തിൽ പരിമിതമായ ദിവസങ്ങളിൽ ബി.ആർ.സി/സ്കൂൾതല അക്കാദമിക പിന്തുണ നൽകാൻ നിയുക്തനായ ഡയറ്റ് ഫാക്കൽട്ടിക്ക് ഉപജില്ലാതലത്തിൽ ഇത്തരം സന്നാഹങ്ങളോ, മിഷനറിയോ ഇല്ല.ആയത് ഉള്ളത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് മാത്രമാണ്.(ഈ ഉത്തരവ് നിലനിൽക്കുന്ന അവസരത്തിലും പരീക്ഷയുടെ സംഘാടനപരമായ എല്ലാ കാര്യങ്ങളും നടത്തുന്നത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരാണ്. കാരണം കൺവീനർ ചെയ്യേണ്ട പല കാര്യങ്ങളും എ.ഇ.ഒ ചെയ്യണമെന്നാണ് ഉത്തരവിലുള്ളത്.)
  അതിനാൽ പഠനം നിർദ്ദേശിക്കുന്നതുപോലെ നടത്തിപ്പ് ഉപജില്ലാതലത്തിൽ നിന്നും വിദ്യാഭ്യാസ ജില്ലാതലത്തിലേക്ക് മാറ്റപ്പെടുമ്പോൾ കൺവീനർ ഡി.ഇ.ഒ-മാരാകുന്നതാണ് പ്രായോഗികം.

അതോടൊപ്പം ഡയറ്റ് ഫാക്കൽട്ടി, ബി.പി.ഒ എന്നിവരുടെ ചുമത ലകൾ, കടമകൾ എന്നിവ കൃത്യമായി നിർവ്വചിക്കുകയും വേണം. (ചെയർമാൻ,മെമ്പർ തുടങ്ങിയ സ്ഥാനമാനങ്ങൾക്ക് പിന്നിട് പ്രസക്തിയില്ല.)

മാത്രമല്ല  പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങളുടെ മാർഗ രേഖയും തയ്യാറാക്കേണ്ടതുണ്ട്.

- ഇതിൽ ഏതെല്ലാം അംഗങ്ങൾ, ഓരോ അംഗത്തിന്റേയും ചുമതല, എത്രതവണ/ഏതെല്ലാം ഇടവേളകളിൽ യോഗം ചേരണം, മിനുറ്റ്സ് ആര് തയ്യാറാക്കണം, എവിടെ സൂക്ഷി ക്കണം ...തുടങ്ങിയ കാര്യങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.